**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1843** **05-07-2022 - ൽ മറുപടിയ്ക്ക്**

**വാഹന രജിസ്ട്രേഷൻ-അനുബന്ധ സേവനങ്ങൾക്ക് പുതിയ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ എം മുകേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പ്രത്യേക സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വാഹന രജിസ്ട്രേഷനും അനുബന്ധ സേവനങ്ങൾക്കുമായി ആധാർ അധിഷ്ഠിത ഫേസ് ലെസ് സംവിധാനം നടപ്പാക്കുന്നതിലൂടെ വാഹന ഉടമകൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുക; വിശദമാക്കാമോ; | (എ) | പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തിവരുന്നത്. നിലവിൽ Change of address in RC, Hypothecation addition, Hypothecation termination, Issue of duplicate RC, Issue of NOC, Transfer of ownership എന്നീ 6 സേവനങ്ങൾക്കാണ് ഫേസ്‌ലെസ്സ് സംവിധാനം നടപ്പാക്കിയിട്ടുള്ളത്. മറ്റു സേവനങ്ങൾക്കും ഫേസ്‌ലെസ്സ് സംവിധാനം തയ്യാറാക്കാനുള്ള നടപടികൾ നടന്നുവരുന്നു. VAHAN CITIZEN SERVICES വഴിയാണ് ഇതു തയ്യാറാക്കുന്നത്.<br><br>മുൻകൂർ വാഹന പരിശോധന ഒഴികെയുള്ള സേവനങ്ങൾ കഴിയുന്നത്ര ഓൺലൈനായി, പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ, പരിഷ്കരിക്കാനുള്ള ശ്രമം നടത്തിവരുന്നു. |
| (ബി) | പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവർക്ക് ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനും ലൈസൻസ് സംബന്ധമായ മറ്റ് സേവനങ്ങൾ ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങളിൽ മാറ്റംവരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഓൺലൈൻ സംവിധാനത്തിലേക്ക് പൂർണ്ണമായും മാറിയ സാഹചര്യത്തിൽ, ലോകത്ത് ഏതുഭാഗത്തുനിന്നും ലൈസൻസ് പുതുക്കൽ, ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് എടുക്കൽ, പുതുക്കൽ എന്നിവ ചെയ്യാൻ സാധിക്കുന്നുണ്ട്. |
| (സി) | ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡെലിവറി ചെയ്യുന്നതിനായി പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | നിലവിൽ, BNPL (BOOK NOW PAY LATER) എന്ന സംവിധാനത്തിലൂടെ കമ്പ്യൂട്ടർ അധിഷ്ഠിതമായി സ്പീഡ് പോസ്റ്റ് മുഖേന മാത്രമാണ് ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. എന്നിവ അയച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ